

വയസ്സ്

ജനന തീയതി

പേര്

വിലാസം

അദ്ധ്യാപകന്റെ പേര് :

കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ

# ബൈബിൾ ടൈം



വായനഭാഗം
ഉല്പത്തി 6 : 5-22

A2

## പാഠം 1: നോഹ ദൈവത്തെ അനുസരിക്കുന്നു.

*നോഹ പെട്ടകം പണിയുന്നു.*

ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ എല്ലാം നല്ലതും മനോഹരവും ആയിരുന്നു. എന്നാൽ ആദാമും ഹവ്വയും ദൈവത്തോട് അനുസരണക്കേട് കാണിച്ചു. മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവം സങ്കടപ്പെട്ടു. പിന്നീടുള്ള കാലത്ത് ദൈവത്തെ യഥാർത്ഥമായി പ്രസാദിപ്പിച്ച ഒരു മനുഷ്യനുണ്ടായിരുന്നു. അവന്റെ പേരാണ് നോഹ.

ദൈവത്തെ പ്രസാദിപ്പിച്ച മനുഷ്യൻ ആരായിരുന്നു? ___ ___

ദൈവം നോഹയോട് ഇപ്രകാരം പറഞ്ഞു; "മനുഷ്യരെല്ലാം പാപത്താൽ തെറ്റിപ്പോയതുകൊണ്ട് ഞാൻ ഭൂമിയെ നശിപ്പിക്കും. ആകയാൽ നീ ഒരു പെട്ടകം (വലിയ ബോട്ട്) ഉണ്ടാക്കണം. പെട്ടകം തയ്യാറായി കഴിയുമ്പോൾ വലിയൊരു ജലപ്രളയത്താൽ ഭൂമിയിലുള്ള സകല ജീവജാലങ്ങളേയും നശിപ്പിക്കും. എന്നാൽ നീയും നിന്റെ കുടുംബവും പെട്ടകത്തിൽ സുരക്ഷിതരായിരിക്കും."



*ചിത്രത്തിന് നിറം കൊടുക്കുക*

എല്ലാവരും പെട്ടകത്തിൽ കടന്നപ്പോൾ ദൈവം അതിന്റെ വാതിൽ അടച്ചു. ദൈവത്തിന്റെ കരുതലിൽ അവരെല്ലാം സുരക്ഷിതരായിരിക്കുമെന്ന് നോഹക്ക് അറിയാമായിരുന്നു. നമ്മുടെ രക്ഷിതാവായ യേശുവിൽ നാം ആശ്രയിക്കുന്നുവെങ്കിൽ നമ്മുടെ പാപത്തിന്റെ ശിക്ഷയിൽ നിന്ന് നമുക്ക് സുരക്ഷിതരാകുവാൻ കഴിയും.

/10

LEVEL - 1

5 മുതൽ 7 വയസ്സുവരെ

## പാഠം 2: പെട്ടകത്തിൽ സുരക്ഷിതർ



വായന ഭാഗം
ഉല്പ്പത്തി 7 : 1-16

***ജലപ്രളയം ആരംഭിച്ചപ്പോൾ***

പെട്ടകം പണി നടന്നുകൊണ്ടിരുന്നപ്പോൾ നോഹ ദൈവം ചെയ്യുവാൻ പോകുന്ന കാര്യങ്ങൾ ജനങ്ങളെ അറിയിച്ചു. എന്നാൽ ആരും നോഹയെ വിശ്വസിച്ചില്ല. എല്ലാവരും നോഹയെ പരിഹസിച്ചു. നോഹയും കുടുംബവും പെട്ടകത്തിൽ കടന്നു കഴിഞ്ഞപ്പോൾ മഴ ആരംഭിച്ചു. ഒന്നാം ദിവസം, രണ്ടാം ദിവസം, മൂന്നാം ദിവസം മഴയോടു മഴ! നദിയിലും കടലിലുമെല്ലാം വലിയ വെള്ളപ്പൊക്കം. കൂറ്റൻ മരങ്ങളും കുന്നുകളുമെല്ലാം വെള്ളത്താൽ മൂടപ്പെട്ടു.

അപ്പോൾ പെട്ടകത്തിന് വെളിയിലുള്ള ജനത്തിന് ദൈവത്തിൽ വിശ്വാസമായി. എന്നാൽ പെട്ടകത്തിൽ കയറുവാൻ കഴിയാതവണ്ണം അവർ താമസിച്ചു പോയി. ദൈവം പെട്ടകത്തിന്റെ വാതിൽ അടച്ചു.



ആരാണ് പെട്ടകത്തിന്റെ വാതിൽ അടച്ചത്?

____________________

പെട്ടകത്തിനുള്ളിൽ നോഹയും കുടുംബവും മൃഗങ്ങളും സുരക്ഷിതരായിരുന്നു!

നോഹ ദൈവത്തിൽ ആശ്രയിക്കുകയും അവനെ അനുസരിക്കുകയും ചെയ്തതിനാൽ ദൈവം അവരെയെല്ലാം സുരക്ഷിതരായി സൂക്ഷിച്ചു.

***വാക്യം പഠിച്ചിട്ട് നിറം കൊടുക്കുക.***

യഹോവയിൽ
ആശ്രയിക്കുന്നവനോ
രക്ഷ പ്രാപിക്കും

**സദൃശ്യവാക്യങ്ങൾ 29 : 25**

## പാഠം 3: ഒരു പുതിയ ആരംഭം

***ജലപ്രളയം തീർന്നപ്പോൾ***



വായന ഭാഗം
ഉല്പ്പത്തി 8 : 1-19



ഒടുവിൽ മഴ തോർന്നു. എന്നാൽ പർവ്വതങ്ങൾക്ക് മീതെ അപ്പോഴും വെള്ളമുണ്ടായിരുന്നു. ഒരു ദിവസം വെള്ളം കുറഞ്ഞുവോ എന്നറിയുന്നതിന് വേണ്ടി നോഹ ഒരു മലങ്കാക്കയെ പെട്ടകത്തിൽ നിന്നും അയച്ചു. എന്നാൽ വിശ്രമിക്കുവാൻ സ്ഥലം കണ്ടെത്തുവാൻ കഴിയാതെ അത് പോയും വന്നും കൊണ്ടിരുന്നു. പിന്നീട് നോഹ ഒരു പ്രാവിനെ അയച്ചു. അതും തിരികെ വന്നു. വീണ്ടും നോഹ അതിനെ അയച്ചു. ഈ പ്രാവശ്യം അത് മടങ്ങി വന്നത് ചുണ്ടിൽ ഒരു ഒലിവിലയുമായിട്ടായിരുന്നു. അത് കണ്ടപ്പോൾ എല്ലാവർക്കും വലിയ സന്തോഷമായി.



അതിന്റെ അർത്ഥം മരത്തിന്റെ ചില്ലകളെല്ലാം വെള്ളത്തിന് മുകളിൽ ആയി എന്നതാണ്. ഏഴ് ദിവസത്തിന് ശേഷം നോഹ വീണ്ടും പ്രാവിനെ അയച്ചു. ഈ പ്രാവശ്യം അത് തിരികെ വന്നതേ ഇല്ല. വെള്ളം താഴ്ന്നതിനാൽ പ്രാവ് പുതിയ കൂട് കണ്ടെത്തിയതായി നോഹയ്ക്ക് മനസ്സിലായി. അവസാനം പെട്ടകം ഒരു ഉയർന്ന കുന്നിന്മേൽ ഉറച്ചു.

***എല്ലാ ചിത്രങ്ങൾക്കും പർവ്വതത്തിന്റെ പേരിനും നിറം കൊടുക്കുക.***



അരരാത്ത്

ഭൂമി കുറേക്കൂടെ ഉണങ്ങിയ ശേഷം ദൈവം നോഹയോട് പെട്ടകത്തിനകത്തുള്ള മൃഗങ്ങളോടൊപ്പം പുറത്തുവരുവാൻ കല്പ്പിച്ചു. നോഹയും കുടുംബവും വലിയ ജലപ്രളയത്തിൽ നിന്നും രക്ഷപ്പെട്ടു. നമുക്ക് രക്ഷപ്പെടേണ്ടത് പാപത്തിന്റെ ശിക്ഷയിൽ നിന്നാണ്. നമ്മുടെ പാപങ്ങൾക്ക് വേണ്ടി യേശുക്രിസ്തു ശിക്ഷിക്കപ്പെട്ടു എന്ന് നാം വിശ്വസിക്കുമ്പോൾ നമ്മുടെ ശിക്ഷയിൽ നിന്ന് നമുക്ക് രക്ഷപ്രാപിക്കുവാൻ കഴിയും.

ആരാണ് നമ്മുടെ പാപങ്ങൾക്ക് പകരമായി ശിക്ഷിക്കപ്പെട്ടത്?

____________________

☐ /10

LEVEL - 1

5 മുതൽ 7 വയസ്സുവരെ

## പാഠം 4: ദൈവത്തിന്റെ വാഗ്ദാനം

*നോഹ നന്ദി പറയുന്നു.*



വായന ഭാഗം
ഉല്പ്പത്തി 8 : 20-22
9 : 8 -17

നോഹയും കുടുംബവും സുരക്ഷിതരാണ്. അവർ ഏറെ നാളുകൾ പെട്ടകത്തിനകത്തായിരുന്നു. എന്നാൽ ഇപ്പോൾ ദൈവം നോഹയോട് പെട്ടകത്തിൽ നിന്നും കുടുംബവും മൃഗങ്ങളുമായി ഭൂമിയിലേക്ക് ഇറങ്ങുവാൻ കല്പ്പിച്ചു. തന്നേയും കുടുംബത്തേയും രക്ഷിച്ചതിന് നോഹ ദൈവത്തോട് നന്ദി പറഞ്ഞു.

നോഹ എന്താണ് ദൈവത്തോട് പറഞ്ഞത്? ............................

***ദൈവം നോഹക്ക് കൊടുത്ത വാഗ്ദാനത്തിന് നിറം കൊടുക്കുക.***

"ജലപ്രളയത്താൽ ഞാൻ ഇനി ലോകത്തെ നശിപ്പിക്കുകയില്ല"

**ഉല്പത്തി 9 : 15**

ദൈവത്തിന്റെ വാഗ്ദാനം ഓർക്കുവാൻ സഹായകരമായ ഒരു അടയാളം ദൈവം അവരെ കാണിച്ചു. മഴവില്ലായിരുന്നു അത്.

നോഹയും കുടുംബവും മഴവില്ല് കാണുമ്പോഴൊക്കെയും ദൈവത്തിന്റെ വാഗ്ദത്തത്തെ ഓർത്തു.



*ചിത്രത്തിന് നിറം കൊടുത്ത് മഴവില്ല് വരയ്ക്കുക*

/10

ആകെ

*അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:*

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

പാഠം 3:.........

പാഠം 4:.........

ആകെ..........

For Private Circulation Only